(ബി) 59 സമരങ്ങൾ ഒത്തുതീർപ്പാക്കി. അവശേഷിക്കുന്ന 4 സമരങ്ങൾ ഒത്തുതീർപ്പാക്കുന്നതിനായി വിവിധ തലങ്ങളിൽ അനുരഞ്ജന സംഭാഷണങ്ങൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ അവയിൽ യഥാസമയം തീർപ്പു കൽപ്പിക്കുന്നതിനായി, തൊഴിൽ വകുപ്പിലെ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥന്മാർ ഇവ പരിഹരിക്കുന്നതിന് അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതികളുടെ തീർപ്പിന് വിടാറുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തൊഴിലാളി തൊഴിലുടമാ പ്രതിനിധികൾ അടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

36 (1872) അസിസ്റ്റന്റ് ലേബർ ഓഫീസർ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ മുഖേനയുള്ള നിയമനവും നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനത്തിനുള്ള റേഷ്യോ എത്രയെന്നു വ്യക്തമാക്കുമോ;

ഉത്തരം

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും ഉണ്ട്.

(ബി) 3:1 എന്ന അനുപാതത്തിൽ.

37 (1874) പ്രൊഫഷണൽ ഫോട്ടോഗ്രാഫേഴ്സിന്റെ ക്ഷേമത്തിനുള്ള പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ കണ്ടെത്തിയിരിക്കുന്ന പ്രൊഫഷണൽ ഫോട്ടോഗ്രാഫേഴ്സിന്റെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കുമോ;

(സി) ഇവർക്ക് തിരിച്ചറിയൽകാർഡും ക്ഷേമനിധിയും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly